ശ്രീ. വി. വി. ദക്ഷിണാമൂർത്തി: സർ, ചോദ്യോത്തര സമയത്തു് ആരോപണ മുന്നയിക്കുന്നതു് അനുവദനീയമാണോ?

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യം നമ്പർ 620.

പട്ടിക ജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും കിട്ടിയ ഉദ്യോഗങ്ങൾ

* 166 [620] ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യമുന്നണി ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം പബ്ലിക്ക സർവ്വീസുകമ്മിഷൻ മുഖാന്തിരം നടന്ന റിക്രൂട്ടുമെൻറിൻറെ ഫലമായി നടത്തിയ നിയമനങ്ങളിൽ പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും, എത്ര ശതമാനം നിയമനം ലഭിച്ചുവെന്നു പറയുമോ; എത്ര ശതമാനം കിട്ടേണ്ടിയിരുന്നു;

(ബി) അവർക്കു് കിട്ടേണ്ടിയിരുന്ന പോസ്റ്റുകളും മാറ്റാർക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ, ബി) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: സർ, ഹരിജനങ്ങൾക്കു് എത്ര ശതമാനം കിട്ടേണ്ടിയിരുന്നു എന്നുള്ള ചോദ്യത്തിനു് വിവരം ശേഖരിച്ചുവരുന്നു എന്നാണു് മറുപടി പറഞ്ഞിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: റൊട്ടേഷൻ അനുസരിച്ചു് എത്ര പോസ്റ്റിൽ ആളുകളുണ്ടോ അതിൻറെ ശതമാനം അനുസരിച്ചാണു് വരുന്നതു്. പി. എസ്. സി. മാത്രമല്ല ഡിസ്ട്രിക്റ്റു് റിക്രൂട്ടുമെൻറു് ബോർഡിലും റിക്രൂട്ടുചെയ്യുന്നുണ്ടു്. അതിൻറെയെല്ലാം വിവരം ശേഖരിച്ചുകൊണ്ടിരിക്കുകയാണു്. എത്ര പോസ്റ്റിൽ ആളുകളെ എടുത്തിട്ടുണ്ടോ അതിനു് ആനുപാതികമായിട്ടേ വരികയുള്ളു.

ശ്രീ. പന്തളം പി. ആർ. മാധവൻപിള്ള: ആ അനുപാതം ആണു് ചോദിച്ചതു്. അവർക്കു് എത്ര ശതമാനമാണു് കിട്ടേണ്ടിയിരുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: പോസ്റ്റു് എത്രയാണെന്നു അറിയാതെ പറയാനൊക്കുകയില്ല.

എയർകമ്പ്രസർ വിറ്റതിൽ അഴിമതി

* 167 [621] ശ്രീ. എം. കെ. ജോർജ്ജു്:
,, പാലോളി മുഹമ്മദുകുട്ടി
,, പി. കെ. കുഞ്ഞച്ചൻ
,, എസ്. ദാമോദരൻ
,, എൻ. പ്രഭാകരത്തണ്ടാർ
,, വി. എസ്. അച്ചുതാനന്ദൻ
,, പി. പി. കൃഷ്ണൻ
,, പി. ജി. പുരുഷോത്തമൻ പിള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷിയും വിദ്യുച്ഛക്തിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റിബോർഡിലെ ഏതെങ്കിലും കോൺട്രാക്ടർക്കു് ഗവണ്മെൻറു് വക എയർകമ്പ്രസർ വാടകക്കു് കൊടുക്കുകയും വാടകയിനത്തിൽ ഗവണ്മെൻറിലേക്കു് അടച്ചതുക വിലയായി അംഗീകരിച്ചുകൊണ്ടു് പ്രസ്തുത മെഷീൻ അയാൾക്കുതന്നെ കൊടുക്കുന്നതിനു് ഗവണ്മെൻറു് ഉത്തരവാകുകയും ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly